# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3119 07.11.2019-ൽ മറുപടിക്ക്

**കുനിശ്ശേരി സ്കൂളിലെ സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.ഡി.പ്രസേനൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ പഞ്ചായത്ത് കുനിശ്ശേരി ജി എച്ച് എസ് എസ്- ലെ സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് കഴിഞ്ഞ 4 വർഷമായി ശമ്പളം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ശമ്പളം ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് പ്രസ്തുത സംസ്കൃതം അധ്യാപകർക്ക് അടിയന്തരമായി ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | കുനിശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ 2007-08 അധ്യയന വർഷം മുതൽ ഒരു ഹ്യുമാനിറ്റീസ് ബാച്ച് അനുവദിച്ചിരുന്നു. 2014-15 അധ്യയന വർഷം വരെ വിദ്യാർത്ഥികളില്ലാതിരുന്ന പ്രസ്തുത ബാച്ചിൽ 2015-16 അധ്യയന വർഷം മുതൽ വിദ്യാർത്ഥികൾ ഉണ്ടായിരിക്കുകയും ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുകയും ചെയ്തു. 2007-08-ൽ അനുവദിച്ച ബാച്ച് 2014-15 വരെ പ്രവർത്തിക്കാതെ 2015-16 മുതൽ ആരംഭിച്ചതിന് സർക്കാർ അനുമതി ആവശ്യമായിരുന്നു. എന്നാൽ സ്കൂളധികൃതർ പ്രസ്തുത അനുമതി വാങ്ങാതെ അനധികൃതമായി ബാച്ചുകൾ ആരംഭിച്ച് പ്രവർത്തിപ്പിച്ചതിനാലാണ് അധ്യാപകർക്ക് വേതനം ലഭ്യമാകാത്ത സാഹചര്യമുണ്ടായത്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

8